Draft #1 of File 18658/AD A1/4/2019/VC SECTION Approved by ASSISTANT REGISTRAR I ADMINISTRATION on 07-Jun-2019 12:05 PM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കുള്ള മറുപടി അപേക്ഷകന് അയച്ചു കൊടുക്കുന്നത് - സംബന്ധിച്ച്.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2509/AD A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.06.2019

---

പരാമർശം:-1. രജിസ്ട്രാർ (i/c) -ൻറെ 24.05.2019 -ലെ കുറിപ്പ് നം.രജിസ്ട്രാർ/ആർ.റ്റി.ഐ/2019, ആയതിലുള്ള വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.
2. സർവ്വകലാശാല ഉത്തരവ് നം. 5806/എ1/4/2018/ ഭരണവിഭാഗം തീയതി 27.07.2018

**ഉത്തരവ്**

വിവരാവകാശ നിയമമനുസരിച്ചുള്ള അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ എടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ, അപേക്ഷകനുള്ള മറുപടി നിശ്ചിത തീയതിക്കകം ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഒഫീസർ/ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഒഫീസർ തിരികെ പബ്ലിക് റിലേഷൻസ് ഓഫീസിൽ നൽകേണ്ടതാണെന്നും, ടി മറുപടികൾ ക്രോഡീകരിച്ച് ഡെപ്യൂട്ടി രജിസ്ട്രാർ (ആർ.ടി.ഐ-പബ്ലിക് റിലേഷൻസ്) അപേക്ഷകന് മറുപടിയായി നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പലപ്പോഴും മറുപടികൾ അതാത് സെക്ഷനുകളിൽ നിന്നും നേരിട്ട് അയച്ചു കൊടുക്കുന്നതിനാൽ, വിവരാവകാശ നിയമ പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ മറുപടികൾ നിശ്ചിത തീയതിക്കകം നൽകുന്നു എന്നും അപേക്ഷയിൽ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും അപേക്ഷകന് നൽകിയിട്ടുണ്ട് എന്നും ഉറപ്പു വരുത്താൻ കഴിയാതെ വരുന്നു.

ആയതിനാൽ, വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾക്കുള്ള ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഒഫീസർ/ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഒഫീസർ -ടെ മറുപടിക്കത്തുകളുടെ അസ്സൽ നിശ്ചിത തീയതിക്കകം പബ്ലിക് റിലേഷൻസ് ഓഫീസിൽ എത്തിക്കുകയും, പബ്ലിക് റിലേഷൻസ് ഓഫീസിൽ നിന്നു തന്നെ ആയത് അയച്ചുകൊടുക്കേണ്ടതുമാണ് എന്ന നിർദ്ദേശവും കൂടി ഉൾപ്പെടുത്തിക്കൊണ്ട് മേൽ സൂചന (2) പ്രകാരമുള്ള ഉത്തരവ് പരിഷ്കരിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പരിഷ്കരിച്ച് പുറപ്പെടുവിക്കുന്നു.

പ്രേം കുമാർ .ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ അക്കാദമികവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. എ.ഡി.സി. I/II/III/ ആഡിറ്റ് V/ ഫിനാൻസ് I/II/ ഫിനാൻസ് കമ്പ്യൂട്ടർ സെൽ/ CITAD
6. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
7. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ